**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1003** **10-08-2023 - ൽ മറുപടിയ്ക്ക്**

**ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ചിമ്മിനി ഡാം മേഖലയിൽ വനംവകുപ്പിന്റെ നേതൃത്വത്തിൽ ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങളും മറ്റും ഏർപ്പെടുത്തി ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ചിമ്മിനി ഡാം മേഖലയിൽ വനംവകുപ്പിന്റെ നേതൃത്വത്തിൽ ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങളും മറ്റും ഏർപ്പെടുത്തി ചിമ്മിനി ഇക്കോടൂറിസം പദ്ധതി നടപ്പാക്കുന്നതിനുള്ള ശിപാർശ 06.01.2023-ൽ ചേർന്ന, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് ചെയർമാനായ, ഇക്കോടൂറിസം ക്ലിയറൻസ് കമ്മിറ്റി പരിശോധിക്കുകയും, ഫീൽഡ് വെരിഫിക്കേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് തുടർന്ന് വരുന്ന ഇക്കോടൂറിസം ക്ലിയറൻസ് കമ്മിറ്റിയിൽ പരിശോധിച്ച് പദ്ധതി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പ്രൊപ്പോസലിന് അനുമതി ലഭ്യമാക്കി നടപ്പാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ചിമ്മിനി ഡാം മേഖലയിൽ വനംവകുപ്പിന്റെ നേതൃത്വത്തിൽ ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങളും മറ്റും ഏർപ്പെടുത്തി ചിമ്മിനി ഇക്കോടൂറിസം പദ്ധതി നടപ്പാക്കുന്നതിനുള്ള ശിപാർശ 06.01.2023-ൽ ചേർന്ന, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് ചെയർമാനായ, ഇക്കോടൂറിസം ക്ലിയറൻസ് കമ്മിറ്റി പരിശോധിക്കുകയും, ഫീൽഡ് വെരിഫിക്കേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് തുടർന്ന് വരുന്ന ഇക്കോടൂറിസം ക്ലിയറൻസ് കമ്മിറ്റിയിൽ പരിശോധിച്ച് പദ്ധതി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ